**പതിനാലാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1278 — 03.10.2016 ൽ മറുപടിക്ക്

## ആധാർ കാർഡ്

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. പാറക്കൽ അബ്ദുല്ല** | **ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി)** |
| (എ) സംസ്ഥാനത്ത് അഞ്ച് വയസ്സിൽ താഴെയുള്ള കുട്ടികൾക്ക് 30/09/2016 ന് മുമ്പായി ആധാർ കാർഡ് നൽകണമെന്ന് കേന്ദ്ര സർക്കാർ നിർദ്ദേശമുണ്ടോ; | (എ) ഉണ്ട്. |
| (ബി) എങ്കിൽ നാളിതുവരെ എത്ര ശതമാനം കുട്ടികൾക്ക് ആധാർ കാർഡ് നൽകുന്നതിനുള്ള നടപടി പൂർത്തിയായിട്ടുണ്ട്; | (ബി) നാളിതുവരെ സംസ്ഥാനത്ത് 73% കുട്ടികൾക്ക് ആധാർ എൻറോൾമെന്റ് നടപടികൾ പൂർത്തിയായിട്ടുണ്ട്. |
| (സി) കാർഡ് വിതരണത്തിനായി ആധാർ എൻറോൾമെന്റ് ക്യാംപ് നടത്താൻ കേന്ദ്ര നിർദ്ദേശമുണ്ടായിരുന്നോ; | (സി) സംസ്ഥാനത്തെ അഞ്ച് വയസ്സിൽ താഴെയുള്ള, സംയോജിത ശിശു വികസന പദ്ധതി ഗുണഭോക്താക്കൾ ഉൾപ്പെടെയുള്ള, എല്ലാ കുട്ടികൾക്കും ആധാർ ലഭ്യത ഉറപ്പാക്കുന്നതിനായി അംഗനവാടി തലത്തിൽ എൻറോൾമെന്റ് ക്യാമ്പുകൾ സംഘടിപ്പിക്കുന്നതിന് കേന്ദ്ര സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. |
| (ഡി) കാർഡ് ലഭിക്കാതെ പോയാൽ സംയോജിത ശിശുവികസന പദ്ധതിയിലെ ആനുകൂല്യങ്ങൾ കുട്ടികൾക്ക് നഷ്ടമാവുമോയെന്ന് വ്യക്തമാക്കുമോ; | (ഡി) & (ഇ) കേന്ദ്ര സർക്കാരിന്റെ 08.08.2016-ലെ കത്തിലെ നിർദ്ദേശ പ്രകാരം സംയോജിത ശിശു വികസന പദ്ധതി പ്രകാരമുള്ള സേവനങ്ങൾ പ്രയോജനപ്പെടുത്തുന്ന എല്ലാ |

(ഇ) എങ്കിൽ ഇതിനു പരിഹാരമായി എന്തൊക്കെ നടപടികൾ കൈക്കൊള്ളുമെന്നും ആധാർ കാർഡ് വിതരണം എന്നത്തേക്ക് പൂർത്തിയാകുമെന്നും സംബന്ധിച്ച വിശദാംശങ്ങൾ നൽകുമോ?

ഗുണഭോക്താക്കൾക്കും ആധാർ ലഭ്യമാക്കേണ്ടതുണ്ട്. എന്നാൽ ആധാർ കാർഡ് ലഭിക്കാതെ പോയാൽ സംയോജിത ശിശു വികസന പദ്ധതിയുടെ ആനുകൂല്യങ്ങൾ നഷ്ടമാകുമോയെന്ന് കേന്ദ്ര സർക്കാർ വ്യക്തമാക്കിയിട്ടില്ല. എന്നിരുന്നാലും സംസ്ഥാനത്തെ അഞ്ച് വയസ്സിൽ താഴെയുള്ള എല്ലാ കുട്ടികളുടെയും ആധാർ എൻറോൾമെന്റിനായി താഴെപ്പറയുന്ന നടപടികൾ കൈക്കൊണ്ടിട്ടുണ്ട്.

(i) സംസ്ഥാന വ്യാപകമായി എൻറോൾമെന്റ് ക്യാമ്പുകൾ സംഘടിപ്പിച്ചു.

(ii) എൻറോൾമെന്റ് ശതമാനം കുറവുള്ള ജില്ലകളിൽ സഞ്ചരിക്കുന്ന ക്യാമ്പുകൾ സംഘടിപ്പിക്കുന്നതിനും ആധാർ എൻറോൾമെന്റ് സംബന്ധിച്ച പരസ്യങ്ങൾ മാധ്യമങ്ങളിലൂടെ പ്രചരിപ്പിച്ച് പരമാവധി കുട്ടികളെ എൻറോൾമെന്റ് ക്യാമ്പുകളിൽ എത്തിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചു.

(iii) ഉൾനാടൻ പ്രദേശങ്ങളിൽ ജില്ലാ കളക്ടർമാരുമായി പ്രത്യേക യോഗങ്ങൾ നടത്തി, ആയതു പ്രകാരമുള്ള ആക്ഷൻ പ്ലാൻ അനുസരിച്ച് എൻറോൾമെന്റ് പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിച്ചു.

(iv) മെഷീനുകളുടെ അപര്യാപ്തത മൂലം എൻറോൾമെന്റ് പ്രവർത്തനങ്ങൾ മന്ദഗതിയിൽ നടക്കുന്ന ജില്ലകളിൽ എൻറോൾമെന്റ് പൂർത്തീകരിച്ച സ്ഥലങ്ങളിൽ നിന്നും മെഷിനുകൾ എത്തിച്ച് ആധാർ എൻറോൾമെന്റ് നടത്തുന്നതിനായുള്ള നടപടികൾ സ്വീകരിച്ചു. പ്രോഗ്രാം ആഫീസർ, അക്ഷയ കോ-ഓർഡിനേറ്റർ എന്നവരുമായി ചേർന്ന് സാമൂഹ്യനീതി ഡയറക്ടറേറ്റ് തലത്തിൽ പ്രതിമാസ ആധാർ എൻറോൾമെന്റ് പുരോഗതി വിലയിരുത്തി വരുന്നു.

കൂടാതെ, 30.09.2016-ന് മുമ്പായി ആധാർ എൻറോൾമെന്റ് പൂർത്തീകരിക്കുന്നതിന് സാമൂഹ്യനീതി വകുപ്പ് ജില്ലാതലത്തിൽ കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

ആധാർ എൻറോൾമെൻറ് ഒരു തുടർ പ്രക്രിയ ആയതിനാൽ നവജാത ശിശുക്കൾക്ക് ആശുപത്രികളിൽ വെച്ച് തന്നെ ആധാർ എൻറോൾമെന്റ് നടത്തുന്നതിനുള്ള സൗകര്യം ഒരുക്കാൻ ഉദ്ദേശിക്കുന്നുണ്ട്.

Manoharan

സെക്ഷൻ ഓഫീസർ